സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച കരാറിന്റെ കാര്യത്തിൽ തോട്ടം മേഖലയിൽ പ്രത്യേക സ്ഥിതിയാണുള്ളത്. PLC അതിനെക്കുറിച്ച് ചർച്ചകൾ നടത്തി. PLC എടുക്കുന്ന യോജിച്ച തീരുമാനം ഗവൺമെന്റ് സേവന-വേതന വ്യവസ്ഥകളായി, കൂലിയായി നിശ്ചയിക്കുന്ന ഒരു നടപടിക്രമമാണ് നിലവിലുള്ളത്. നിർഭാഗ്യവശാൽ രണ്ട് മൂന്ന് PLC യോഗങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് ചർച്ച വന്നെങ്കിലും യോജിച്ച ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. ഡി.എ. പുനഃസ്ഥാപിക്കുന്നതിന് ഏകപക്ഷീയമായ തീരുമാനമെടുക്കുകയാണുണ്ടായത്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിയുടെ ഗൗരവം മനസ്സിലാക്കി എല്ലാപേരുമായി യോജിച്ച് PLC-യിൽ ഉണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ, റബ്ബറിനും ഏലത്തിനുമുണ്ടായിട്ടുള്ള വിലവർദ്ധനവിന്റെ പശ്ചാത്തലത്തിൽ, ആ രണ്ട് മേഖലയിലും ഡി.എ. പുനഃസ്ഥാപിച്ചുകൊണ്ട് ഗവൺമെന്റ് ഇതിനകം തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂലി വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം PLC വീണ്ടും അടിയന്തിരമായി വിളിച്ചുകൂട്ടി ചർച്ചയിലൂടെ അത് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ഇതിന്റെ നടപടിക്രമം അതാണ് എന്നുള്ളതുകൊണ്ട് PLC-യുടെ തീരുമാനം ഗവൺമെന്റ് നോട്ടിഫിക്കേഷനായി പുറപ്പെടുവിക്കുന്നതാണ്. അങ്ങനെ ഒരു നടപടിക്രമത്തിലൂടെ മാത്രമേ ഇത് പുനഃസ്ഥാപിക്കാൻ കഴിയുകയുള്ളൂ.

(6) അങ്കമാലി സബ് ഡിവിഷന്റെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പണി പൂർത്തീകരിക്കൽ

ശ്രീ. പി. ജെ. ജോയി: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ മൂന്ന് പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പണി പൂർത്തീകരിക്കണം എന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കോതകുളങ്ങര സൗത്ത്, കോതകുളങ്ങര നോർത്ത്, മലയാറ്റൂർ തുടങ്ങിയ അഞ്ചു പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ള പരിഹാരത്തിനുവേണ്ടി രൂപഭാവന ചെയ്തിട്ടുള്ള പദ്ധതികൾ 2004-ൽ തന്നെ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കോതകുളങ്ങര സൗത്ത് പദ്ധതിയുടെ പണികൾ മിക്കവാറും പൂർത്തിയായി. ഇനി ഇതിന്റെ പൊതു ടാപ്പുകൾ മാത്രം പിടിപ്പിച്ചാൽ മതി. അത് ഉടൻ തന്നെ കമ്മീഷൻ ചെയ്യുന്നതാണ്. കോതകുളങ്ങര നോർത്തിന്റെ പ്രധാന പണികൾ മിക്കവാറും എല്ലാംതന്നെ തീർന്നുകഴിഞ്ഞു. അതും 2004 ഡിസംബറിന് മുമ്പ് കമ്മീഷൻ ചെയ്യാം. മലയാറ്റൂർ പ്രോജക്ടിന്റെയും പ്രധാനപ്പെട്ട ജോലികൾ തീർന്നിട്ടുണ്ട്. ഇനി അതിന്റെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റവും മറ്റ് ചില അത്യാവശ്യ ജോലികളും കൂടി പൂർത്തീകരിക്കാനുള്ളതുകൊണ്ട് 2005 മാർച്ചിൽ കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

IV. ക്രമപ്രശ്നം

(1) ബി.എഡ്. കോളേജുകളുടെ പട്ടിക റദ്ദാക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിദ്യാഭ്യാസ വകുപ്പിനെതിരായിട്ട് കഴിഞ്ഞ ദിവസം ഞാൻ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയും ബി.എഡ്. കോളേജിന് അനുമതി കൊടുത്ത കാര്യത്തിൽ ക്രമക്കേട് ഉണ്ടായിട്ടുണ്ടെന്ന് പറയുകയും ചെയ്തിരുന്നു. ഇന്നത്തെ പത്രത്തിനകത്ത് ഒരു വാർത്തയുണ്ട്. ബി.എഡ്. കോളേജിന്റെ പട്ടിക മുഴുവൻ റദ്ദാക്കുന്നുവെന്ന് ഹൈക്കോടതിയിൽ ഗവൺമെന്റ് സെക്രട്ടറി അഫിഡവിറ്റ് കൊടുത്തതായി

10.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കുന്നു. നിയമസഭ ചേർന്നുകൊണ്ടിരിക്കെ ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ, നിയമസഭയിൽ ആക്ഷേപം വന്ന സാഹചര്യത്തിൽ അത് നിയമസഭയല്ലേ ആദ്യം അറിയേണ്ടത്? അപ്പോൾ ഇതുസംബന്ധിച്ചുള്ള യഥാർത്ഥ വസ്തുത എന്താണെന്നറിയാൻ ഈ സഭയ്ക്ക് ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് അങ്ങ് ഇതിനെപ്പറ്റിയുള്ള വിശദീകരണം തേടിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അപ്പോൾ മന്ത്രി..... (ബഹളം)

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിൽ, കഴിഞ്ഞ 21-ാം തീയതി ചേർന്ന മന്ത്രിസഭാ യോഗത്തിലെടുത്ത ചില തീരുമാനങ്ങൾ പത്രങ്ങൾ പുറത്തുവിട്ടിരുന്നു. ആ പത്രവാർത്തയെ അടിസ്ഥാനമാക്കി നിയമസഭയിൽ ആ പ്രശ്നം ഉന്നയിച്ചപ്പോൾ നിയമസഭ ചേരുന്ന സമയത്ത് ഇങ്ങനെയൊരു നയപരമായ തീരുമാനമെടുക്കുന്നത് ഉചിതമല്ല. എന്താണ് അങ്ങനെ ഉണ്ടായതെന്ന് ചോദിച്ചപ്പോൾ അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. മാത്രമല്ല അങ്ങുതന്നെ ഇക്കഴിഞ്ഞ സമ്മേളനത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ബി.എഡ്.-പ്രൊഫഷണൽ കോളേജുകളുടെ ഫീസ് കുറച്ച നടപടി നിയമസഭയിൽ പ്രഖ്യാപിക്കാതെ പത്രസമ്മേളനത്തിൽ പറഞ്ഞത് ശരിയല്ല എന്ന്.

മി. സ്പീക്കർ: ഞാൻ മനസ്സിലാക്കിയിടത്തോളം അങ്ങനെയൊരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല.

ശ്രീ. എം. വി. ജയരാജൻ: നയപരമായ ഒരു തീരുമാനമാണ്. കോടതിയിൽ അങ്ങനെ പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: തീരുമാനമെടുത്തുവെന്ന് അറിയിക്കുകയല്ലേ ചെയ്തിരിക്കുന്നത്. ഞാൻ മനസ്സിലാക്കിയിടത്തോളം ഗവൺമെന്റ് തീരുമാനമെടുത്തത്.....(ബഹളം)

ശ്രീ. എം. വി. ജയരാജൻ: ഞാനൊരു കാര്യം പറയട്ടെ, ഇന്നലെ.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ച പ്രശ്നം ഹൈക്കോടതിയിൽ അഫിഡവിറ്റ് തയ്യാറാക്കി ഫയൽ ചെയ്തു. ആവശ്യമാണെങ്കിൽ കോടതി നിർദ്ദേശിച്ചാൽ ഗവൺമെന്റ് പിൻവലിക്കുമെന്ന് പറഞ്ഞു.

മി. സ്പീക്കർ: അത്രയേയുള്ളൂ, ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല.

ശ്രീ. നാലകത്ത് സൂപ്പി: അത് നയപരമായ തീരുമാനമല്ല, തുടർച്ചയാണ്. അത് നിയമസഭയോടുള്ള അനാദരവല്ല.....(ബഹളം).....

മി. സ്പീക്കർ: ഓർഡർ, ഓർഡർ .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെയാണെങ്കിൽ അന്ന് വിദ്യാഭ്യാസ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തപ്പോൾ എഴുതിക്കൊടുത്ത് ഉന്നയിച്ച ആരോപണത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നാളെ പറയും. He will answer.....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം മനസ്സിലാക്കണം പ്രസംഗത്തിന് രണ്ട് മൂന്ന് പേരായിട്ട് സമയം അഡ്ജസ്റ്റ് ചെയ്യണം; അതല്ലാതെ പറ്റുകയില്ല. അംഗങ്ങൾക്ക് സംസാരിക്കാൻ ഒരു മിനിറ്റ് വച്ച് തരാൻ പറ്റില്ലല്ലോ. മൂന്ന് ദിവസത്തേത് എടുക്കാൻ സാധിക്കില്ല. ഓരോ ദിവസത്തെ അഡ്ജസ്റ്റ്മെന്റ് സാധിക്കുകയുള്ളൂ. ..... (ബഹളം)..... വേറെ ഒരാളുടെ സമയം നാളെ എടുക്കാൻ സാധിക്കുമോ? ഞാൻ നേരത്തെ പറഞ്ഞതല്ലേ. നിങ്ങൾ ഓരോ അംഗമുള്ളവർ പലരുമായിട്ട് ചേർന്ന് സമയം എടുക്കണം.

ശ്രീ. എം. വി. ജയരാജൻ: ഈ ബഡ്ജറ്റ് രേഖയോടൊപ്പം വിതരണം ചെയ്ത പ്രധാനപ്പെട്ട ചില കുറിപ്പുകളുണ്ട്. ഗവർണ്ണറുടെ ശുപാർശ സഹിതം 1989-90 മുതൽ 1998-99 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കുള്ള അധിക ചെലവിനുള്ള ധനാഭ്യർത്ഥന സംബന്ധിച്ച കുറിപ്പാണ്. കഴിഞ്ഞ ദിവസം പി.എ.സി. റിപ്പോർട്ട് വന്നു. അതിൽ പറയുന്നത്, നിയമസഭയുടെ അനുമതിയില്ലാതെ നമ്മൾ വോട്ട് ചെയ്ത് പാസ്സാക്കിയ തുകയല്ലാതെ 795 കോടി രൂപ അധിക ചെലവ്, വിവിധ വകുപ്പുകൾ നമ്മളറിയാതെ ചെലവഴിച്ചിരിക്കുകയാണ് എന്നാണ്. ഇത് ഭരണഘടനയുടെ 205-ാം ആർട്ടിക്കിളിന് വിരുദ്ധമായിട്ടുള്ള നടപടിയാണ്. കഴിഞ്ഞകാലങ്ങളിലെല്ലാം തുടർന്നുകൊണ്ടിരുന്നത് ഇപ്പോഴും ആവർത്തിക്കുകയാണ്.

മി. സ്പീക്കർ: അത് എന്നുമുള്ളതാണ് ശ്രീ. ജയരാജൻ.....(ബഹളം).....

ശ്രീ. എം. വി. ജയരാജൻ: 18 വർഷമായി, ഇനിയെങ്കിലും നിർത്തലാക്കണ്ടേ? ഞാനിത് ഇവിടെ പറയുന്നത്, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഫിസ്ക്കൽ റിഫോംസ് ആക്ട് കൊണ്ടുവന്ന പരിതസ്ഥിതിയിൽ അതീവ ഗൗരവം അർഹിക്കുന്ന മാൻഡേറ്ററിയായിട്ടുള്ള .....(ബഹളം).....

മി. സ്പീക്കർ: ഇപ്പോൾ മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇത് ഉള്ളതാണ്. കഴിഞ്ഞ പത്ത് കൊല്ലത്തേതാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ മാത്രമല്ല, ഈ ഗവൺമെന്റിന്റെ, ഇതിന് മുമ്പുള്ള ഗവൺമെന്റിന്റെ, അതിനും മുമ്പുള്ള ഗവൺമെന്റിന്റെ അങ്ങനെ പത്ത് കൊല്ലത്തേതാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇത് എന്നും പതിവുള്ളതാണ്.

ശ്രീ. എം. വി. ജയരാജൻ: ആ പതിവ് നമുക്ക് നിർത്തണം. പ്രത്യേകിച്ച് മാൻഡേറ്ററിയായി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഇത് ആവർത്തിച്ചുകൂടാ. അതിന് വ്യക്തമായിട്ടുള്ള റൂളിംഗ് വേണം. ധനകാര്യ വകുപ്പ് അതിന്റെമേൽ നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ അനുവദിച്ച തുക ചില വകുപ്പ് ലാപ്സാക്കുന്നു. ചില വകുപ്പ് നിയമസഭ അറിയാതെ അധികം തുക ചെലവഴിക്കുന്നു. ഇത് അതീവ ഗൗരവമാണ്. ഇത് നമ്മുടെ ധനകാര്യ മാനേജ്മെന്റിന് തന്നെ വളരെ കുഴപ്പമുണ്ടാക്കുന്ന ഒരു നടപടിയാണ്. അതുകൊണ്ട് ഇത് ആവർത്തിക്കാതിരിക്കാൻ വ്യക്തമായ ഒരു റൂളിംഗും ഇടപെടലും ധനകാര്യ വകുപ്പിൽ നിന്ന് ഉണ്ടാകണം.

മി. സ്പീക്കർ: ഇത് എല്ലാ തവണയുമുള്ളതാണ്. മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം. എനിക്ക് വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പറഞ്ഞതുപോലെ ഇത് കാലാകാലമായി നടന്നുവരുന്ന ഒരു സമ്പ്രദായമാണ്. ആ സമ്പ്രദായത്തിന് മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. അധിക ചെലവ് ചെയ്യുന്നുണ്ടെന്നുള്ളത് പി.എ.സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വന്നതാണ്. ഏതായാലും എല്ലാ വകുപ്പുകൾക്കും ധനകാര്യ വകുപ്പിൽ നിന്ന് എഴുതുന്നുണ്ട്.

V. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിവച്ചു നോക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വളരെയേറെ പ്രയോജനപ്രദമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത്. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്, അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി. മേഖല, ടൂറിസം, ബയോ-ടെക്നോളജി, കൃഷി, വ്യവസായം, പാവപ്പെട്ടവർക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ, പുതിയ ക്ഷേമപദ്ധതികൾ തുടങ്ങി എല്ലാ വിഭാഗം ആളുകൾക്കും ആശ്വാസം പകരുന്ന വളരെ പ്രയോജനപ്രദമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ചില നികുതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണക്കാരെ ബാധിക്കുന്ന രീതിയിലുള്ള നികുതികളല്ല, അധിക നികുതിയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ദേശീയ വളർച്ചാ നിരക്കിനേക്കാൾ 2% കൂടുതലാണ് നമ്മുടെ വളർച്ചാനിരക്ക്. അത് 6.1 % ആണ്. അതുപോലെ 10 വർഷത്തിനുശേഷം വായ്പാ നിക്ഷേപ അനുപാതം 52.4% ആയി വർദ്ധിച്ചിരിക്കുകയാണ്. ഈ സഭയ്ക്ക് അകത്തും പുറത്തും ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോയെക്കുറിച്ച് വലിയ ചർച്ച നടക്കുന്ന കാലഘട്ടമാണിത്. ഈ പ്രയാസത്തിനിടയിലും 10 വർഷത്തിനുശേഷം വായ്പാ നിക്ഷേപ അനുപാതം ഏതാണ്ട് 52.4% -ൽ എത്തിനിൽക്കുകയാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നില്ല എന്നാണ് ഇവിടെ ഒരു ആക്ഷേപം വന്നത്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാനും അത് പ്രത്യേകം നിരീക്ഷിക്കാനുംവേണ്ടി ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരിക്കുകയാണ്. സ്പെഷ്യൽ എംപ്ലോയ്മെന്റ് പാക്കേജിന് 127 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കയർ, കൈത്തറി, കരകൗശലം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് 50 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ക്ലീൻ കേരള പരിപാടിക്ക് 80 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. തലസ്ഥാന നഗരത്തിന്റെ വികസനത്തിന്റെ കാര്യം ശ്രീ. വിജയകുമാർ പറയുമെന്ന് എനിക്കറിയാം. അതിന് 62.5 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ഇതോടൊപ്പം തന്നെ പാവപ്പെട്ട വരുമാനമില്ലാത്ത കുടുംബത്തിലെ പെൺകുട്ടികൾക്ക്, 14 വയസ്സ് തികഞ്ഞവർ വിവാഹപ്രായമെത്തുമ്പോൾ 10,000 രൂപ ലഭിക്കുന്ന മംഗല്യ ഇൻഷ്വറൻസ് പദ്ധതിയും ഉണ്ട്. അത് ഏറ്റവും നല്ല കാര്യമായി ഞാൻ കാണുകയാണ്. ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകിയ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതുപോലെത്തന്നെ മറ്റൊരു പ്രത്യേകത എന്താണ്? ഇവിടെ ടി.പി. അക്കൗണ്ടിലുള്ള ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly